# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.32      02.12.2014–ൽ മറുപടിക്ക്

ചോദ്യം      ഉത്തരം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. എം. ഹംസ
ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ
ശ്രീ. പി.റ്റി.എ റഹിം

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

| | | |
|---|---|---|
| (എ) | മതിയായ വിഭവ പിന്തുണയില്ലാതെ പദ്ധതികൾ പ്രഖ്യാപിക്കുന്നതും അക്കാരണത്താൽ തന്നെ ഇവയൊന്നും നടപ്പിലാക്കുന്നതിന് സാധിക്കാതെ വരുന്നതും ഈ സർക്കാരിന്റെ കാലത്ത് തുടർക്കഥയാകുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; | സംസ്ഥാനത്തിന് സമാഹരിക്കുവാൻ കഴിയുന്ന വിഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള പദ്ധതി പ്രവർത്തനങ്ങളാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഒട്ടുമിക്ക പദ്ധതികളും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു എന്നാണ് വിലയിരുത്തിയിട്ടുള്ളത്. സാങ്കേതികവും ഭരണപരവുമായ കാരണങ്ങളാൽ ചുരുക്കം ചില പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. അവയും ആരംഭിക്കുന്നതിനുള്ള ക്രിയാത്മകനടപടികൾ സ്വീകരിച്ചു വരികയാണ്. വിഭവ സമാഹരണ മാർഗ്ഗങ്ങൾ കാര്യക്ഷമമാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നികുതി/നികുതിയേതര വരുമാനങ്ങളുടെ നിരക്ക് പരിഷ്ക്കരിച്ചിട്ടുണ്ട്. റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി ചോർച്ച തടയുന്നതിന് വകുപ്പു തലത്തിൽ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഭവ സമാഹരണത്തിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകനം നടത്തിവരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന |
| (ബി) | പ്രഖ്യാപിത വാർഷിക പദ്ധതി യഥാസമയം നടപ്പിലാക്കാനും ഇതിനാവശ്യമായ തുക സമാഹരിക്കാനും സാധിക്കുന്നുണ്ടോ; ഇതിനകമുള്ള പദ്ധതി നിർവ്വഹണവും ധനസമാഹരണവും സംബന്ധിച്ച വിശകലനത്തിന്റെയടിസ്ഥാനത്തിൽ വിശദമാക്കാമോ; | |

| | | |
|---|---|---|
| | | സാമ്പത്തിക മാന്ദ്യം റവന്യൂ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. കേന്ദ്ര നികുതി വരുമാനത്തിൽ കുറവു വന്നതിന്റെ ഫലമായി സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന വിഹിതത്തിൽ കുറവു വന്നിട്ടുണ്ട്. അനുവദനീയമായ പരിധിയിൽ നിന്നുകൊണ്ട് വായ്പകൾ എടുത്തും, വിവിധ സ്രോതസ്സുകളിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കാവുന്ന വരുമാനം വർദ്ധിപ്പിച്ചും, വികസനേതര ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും, അധിക വിഭവ സമാഹരണ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടും സംസ്ഥാന വരുമാനം മെച്ചപ്പെടുത്തി പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.. |
| (സി) | ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് തുക കണ്ടെത്താൻ സാധിക്കാത്തപ്പോൾ തന്നെ മിഷൻ 676 പദ്ധതിയെന്നും മറ്റും പേരിൽ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നത് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നടപ്പു വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളുടെ മുൻഗണനാക്രമം പുന:ക്രമീകരിച്ചുകൊണ്ടും പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയുമാണ് മിഷൻ 676 പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പദ്ധതിവിഹിതങ്ങളുടെ ധന: പുനക്രമീകരണത്തിലൂടെ മിഷൻ 676 പദ്ധതികൾക്ക് തുക കണ്ടെത്തുന്നതാണ്. |
| (ഡി) | ഇത്തരത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതു തരത്തിൽ തുക കണ്ടെത്താമെന്നാണ് കരുതിയിരുന്നത് എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ